# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3318

19/06/2019-ൽ
മറുപടിയ്ക്ക്

## കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്
ശ്രീമതി.യു.പ്രതിഭ
ശ്രീ.പി.ടി.എ.റഹീം
പ്രൊഫ.കെ.യു.അരുണൻ

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) & (സി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികളിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന സ്റ്റേറ്റ് അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ, ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകളും, കൈരളി ഗവേഷണ പുരസ്കാരങ്ങൾ, ബ്രെയിൻ ഗെയിൻ സമീപനം, ക്ലസ്റ്റർ കോളേജ് പദ്ധതി എന്നീ പദ്ധതികൾ നടന്നു വരുന്നു. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലെപ്പ്മെന്റ് സ്റ്റുഡിയോ (ORICE - Online Resource Initiatives of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ നടന്നു വരുന്നുണ്ട്.<br>ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ക്ലാസുകൾ നൽകുന്നതിനും സർവകലാശാല പരീക്ഷയ്ക്ക് തയാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി Scholar Support Programme നടന്നുവരുന്നുണ്ട്. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം (Walk With Scholar) എന്ന പദ്ധതി നടന്നു വരുന്നു. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ |
| (സി) | സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അദ്ധ്യാപനം, പഠനം, ഗവേഷണം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തി വരുന്നു.<br>രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരെയും സാമൂഹ്യ ശാസ്ത്രജ്ഞരെയും സഹകരിപ്പിച്ച് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. |
| (ബി) | സർക്കാർ കോളേജുകളിൽ കമ്മ്യൂണിറ്റി കോഴ്സുകളും ഓണേഴ്സ് ബിരുദവും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ ഓണേഴ്സ്സ് ബിരുദം നിലവിൽ ഉണ്ട്. സംസ്ഥാനത്തെ 4 സർക്കാർ കോളേജുകളിൽ യു.ജി.സി നിർദ്ദേശാനുസരണം കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിച്ച് ക്ലാസ്സുകൾ നടത്തി വരുന്നു. ഗവ.കോളേജ് ആറ്റിങ്ങൽ, ശ്രീ.അച്യുതമേനോൻ കോളേജ് തൃശ്ശൂർ, ഗവ.കോളേജ് നാട്ടകം കോട്ടയം, പി.റ്റി.എം.ഗവ.കോളേജ് പെരിന്തൽമണ്ണ എന്നീ കോളേജുകളിലാണ് കമ്മ്യൂണിറ്റി കോഴ്സുകൾ നടന്നു വരുന്നത്. |
| (ഡി) | ഇതിന്റെ ഭാഗമായി കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവിധ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**